**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോമരം, ക്ഷേത്രപൂജാരി തുടങ്ങിയവർക്ക് നൽകുന്ന ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേത്രങ്ങളിലെ കോമരം, ക്ഷേത്രപൂജാരി തുടങ്ങിയവർക്ക് നൽകുന്ന ധനസഹായത്തിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ കോമരം എന്ന ലാവണം നിലവിലില്ല. ക്ഷേത്ര പൂജാരിമാരെ ക്ലാസ് ഫോർ ജീവനക്കാരായി കണക്കാക്കി കെ.എസ്.ആർ മാനദണ്ഡ പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകി വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രതങ്ങളിലെ കോമരം "വെളിച്ചപ്പാട്, ക്ഷേത്രപൂജാരി തുടങ്ങിയ അംഗീകൃത തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക്, ക്ഷേത്രങ്ങളുടെ ഗ്രേഡ് അനുസരിച്ച് കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ വ്യവസ്ഥകൾ പ്രകാരം ശമ്പളം നിജപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ കോമരം എന്ന ലാവണമില്ല. കടൽമാണിക്യം ക്ഷേത്രത്തിനു കീഴിൽ ദേവസ്വം റഗുലേഷൻ പ്രകാരം കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണം വഴിയാണ് പൂജാരിക്കും മറ്റു ജീവനക്കാർക്കും ശമ്പളം നൽകി വരുന്നത്. മേൽശാന്തിയുടെ ശമ്പളം പ്രതിമാസം 35073/- രൂപയാണ്.<br><br>കൊച്ചിൻ ദേവസ്വത്തിൽ ശാന്തി, കഴകം, കോമരം, വാദ്യക്കാർ, അടിച്ചുതളി എന്നീ ക്ഷേത്രജീവനക്കാർക്ക് ശമ്പളം. കൂടാതെ ചികിത്സാസഹായം വിവാഹ ധനസഹായം, മെഡിക്കൽ റീംബേഴ്സ്മെന്റ് എന്നിവ നൽകി വരുന്നുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ ക്ഷേത്രങ്ങളിൽ ഗുരുവായൂർ ദേവസ്വം കമ്മീഷണർ അംഗീകരിച്ച പ്രതിമാസ വേതനമാണ് നൽകി വരുന്നത്. കോമരം ക്ഷേത്ര പൂജാരി തുടങ്ങിയവർക്ക് മറ്റു ധനസഹായം നൽകുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ആർക്കെല്ലാമാണ് ധനസഹായം ലഭിക്കുന്നതെന്നും ഒരു മാസം എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്നും വിശദമാക്കാമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ കോമരം എന്ന ലാവണം നിലവിലില്ല. ക്ഷേത്ര പൂജാരിമാരെ ക്ലാസ് ഫോർ ജീവനക്കാരായി കണക്കാക്കി കെ.എസ്.ആർ മാനദണ്ഡ പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകി വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രതങ്ങളിലെ കോമരം "വെളിച്ചപ്പാട്, ക്ഷേത്രപൂജാരി തുടങ്ങിയ അംഗീകൃത തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക്, ക്ഷേത്രങ്ങളുടെ ഗ്രേഡ് അനുസരിച്ച് കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ വ്യവസ്ഥകൾ പ്രകാരം ശമ്പളം നിജപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ കോമരം എന്ന ലാവണമില്ല. കടൽമാണിക്യം ക്ഷേത്രത്തിനു കീഴിൽ ദേവസ്വം റഗുലേഷൻ പ്രകാരം കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണം വഴിയാണ് പൂജാരിക്കും മറ്റു ജീവനക്കാർക്കും ശമ്പളം നൽകി വരുന്നത്. മേൽശാന്തിയുടെ ശമ്പളം പ്രതിമാസം 35073/- രൂപയാണ്.<br><br>കൊച്ചിൻ ദേവസ്വത്തിൽ ശാന്തി, കഴകം, കോമരം, വാദ്യക്കാർ, അടിച്ചുതളി എന്നീ ക്ഷേത്രജീവനക്കാർക്ക് ശമ്പളം. കൂടാതെ ചികിത്സാസഹായം വിവാഹ ധനസഹായം, മെഡിക്കൽ റീംബേഴ്സ്മെന്റ് എന്നിവ നൽകി വരുന്നുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ ക്ഷേത്രങ്ങളിൽ ഗുരുവായൂർ ദേവസ്വം കമ്മീഷണർ അംഗീകരിച്ച പ്രതിമാസ വേതനമാണ് നൽകി വരുന്നത്. കോമരം ക്ഷേത്ര പൂജാരി തുടങ്ങിയവർക്ക് മറ്റു ധനസഹായം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ